**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3265 03.04.2013 - ൽ മറുപടിയ്ക്ക്

**ദത്തെടുക്കൽ മാനദണ്ഡങ്ങൾ**

ചോദ്യം
ശ്രീമതി കെ.കെ.ലതിക

ഉത്തരം
**ഡോ. എം.കെ. മുനീർ**
(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കുഞ്ഞുങ്ങളെ ദത്ത് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | (എ) | കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള സെൻട്രൽ അഡോപ്ഷൻ റിസോഴ്സ് അതോറിറ്റി (CARA) പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് ദത്തെടുക്കൽ നടപടികൾ സ്വീകരിച്ചു വരുന്നത്. ദത്തെടുക്കാൻ ആഗ്രഹിക്കുന്ന ദമ്പതികൾ ആദ്യമായി ഏറ്റവും അടുത്തുള്ള സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസിയിൽ (SAA) പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. തുടർന്ന് പ്രസ്തുത അഡോപ്ഷൻ ഏജൻസി ദമ്പതികളെ കുറിച്ച് ഹോം സ്റ്റഡി നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. രജിസ്റ്റർ ചെയ്യുന്ന ദമ്പതികളുടെ പ്രായം(രണ്ടു പേരുടേയും കൂടി കൂട്ടുമ്പോൾ) 90 കഴിയാൻ പാടില്ലാത്തതാകുന്നു. എന്നാൽ മൂന്ന് വയസ്സിന് മുകളിൽ പ്രായമുള്ള കുട്ടികളെ ദത്തെടുക്കുന്നതിന് ദമ്പതികളുടെ ആകെ വയസ്സ് 105 വരെ ആകാവുന്നതാണ്. ഏകരക്ഷിതാവിന് പേര് രജിസ്റ്റർ ചെയ്യുന്നതിന് അനുവദനീയമായ പരമാവധി പ്രായം 50 വയസ്സാണ്. തുടർന്ന് ദമ്പതികളുടെ മുൻഗണനാ ക്രമമനുസരിച്ച് ദമ്പതികൾക്ക് അനുയോജ്യമായ കുഞ്ഞിനെ കാണിച്ചു കൊടുക്കുകയും ദത്തു നൽകി ഉത്തരവാകുന്നതിനായി ജില്ലാ കോടതിയിൽ രജിസ്റ്റർ ചെയ്യുകയും ജില്ലാ കോടതി ദത്തു നൽകി ഉത്തരവാകുകയും ചെയ്യുന്നു. |
| (ബി) | ദത്ത് ലഭിക്കുന്നതിനുള്ള എത്ര അപേക്ഷകൾ തീർപ്പ് കൽപ്പിക്കാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | നിലവിൽ 478 ദമ്പതികൾ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ഡി) | 2013 വർഷത്തിൽ എത്ര കുഞ്ഞുങ്ങളെ ദത്ത് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (ഡി) | 2013 ൽ മൂന്ന് കുഞ്ഞുങ്ങളെ ദത്തു നൽകി ഉത്തരവായിട്ടുണ്ട് |

R. Vijayan

സെക്ഷൻ ഓഫീസർ